## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ - 1/1/2003 മുതൽ 31/12/2008 വരെയുള്ള ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീ. അനിൽകുമാറിന്റെ പേര് ഉൾപ്പെടുത്തുന്നതിനായി താൽകാലികമായി തീരുമാനിച്ചത് സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- 1) എറണാകുളം ജില്ലാ മെഡിക്കൽ ആഫീസറുടെ എ2/13239/2017/എന്ന 13/3/2018ലെ കത്ത്.

2)പി.എസ്.സി. അഡ്വൈസ് നം. ഇ.വി.(2) 702/03/കെ.പി.എസ്.സി. എറണാകുളത്തിന്റെ 21/6/2005 നമ്പർ കത്ത്.

3)എറണാകുളം ജില്ലാ മെഡിക്കൽ ആഫീസറുടെ എ2/16364/05/എന്ന 23/7/2005ലെ കത്ത്.

4) ഉത്തരവ് നം. എ2/16364/05/ജി.മെ.ആ എറണാകുളം തീയതി. 28/2/2009.

5) ഉത്തരവ് നം. ഇ.എസ്.2/30876/09/ആ.വ.ഡ തീയതി 28/5/2010.

6) 31/5/2018ലെ ഇതേ നമ്പർ നോട്ടീസ്.

**ഉത്തരവ് നം: ഇ.എസ്.2/30876/2009/ആ.വ.ഡ തീയതി തീയതി: 16/8/2018**

ആരോഗ്യവകുപ്പിലെ ക്ലാർക്കുമാരുടെ 1/1/2003 മുതൽ 31/12/2008 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി സാമൂഹികാരോഗ്യകേന്ദ്രം രാമമംഗലത്തിലെ ക്ലാർക്ക് ആയ ശ്രീ. അനിൽകുമാർ എൻ.പി.യുടെ അപേക്ഷ സൂചന (1) പ്രകാരം അയച്ച് നൽകിയിരുന്നു.

ശ്രീ. അനിൽകുമാർ എൻ.പി. സൂചന (2) പ്രകാരമുള്ള പി.എസ്.സി.യുടെ അഡ്വൈസ്പ്രകാരം സൂചന (3) പ്രകാരമുള്ള ജില്ലാ മെഡിക്കൽ ആഫീസറുടെ നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30/7/2005-ൽ ക്ലാർക്കായി സർവ്വീസിൽ പ്രവേശിച്ചു.

ടിയാനെ സൂചന (5) പ്രകാരമുള്ള 1/1/2003 മുതൽ 31/12/2008 വരെയുള്ള കാലയളവിലെ എൽ.ഡി. ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തിയിരുന്നില്ല.

21/6/2005ലെ കണ്ണൂർ പി.എസ്.സി.യുടെ അഡ്വൈസ് തീയതിപ്രകാരം സർവ്വീസിൽ പ്രവേശിച്ച ടിയാനെ 1/1/2003 മുതൽ 31/12/2008 വരെയുള്ള നിലവിലെ സീനിയോറിറ്റി ലിസ്റ്റിൽ 214എ ആയി ഉൾപ്പെടുത്തുന്നതിന് താൽകാലികമായി തീരുമാനിച്ച് സൂചന (6)

പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിനെതിരെ ആരും തന്നെ ആക്ഷേപങ്ങൾ ഒന്നും നാളിതുവരെ സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ 1/1/2003 മുതൽ 31/12/2008 വരെ കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 214 എ ആയി ശ്രീ. അനിൽകുമാർ എൻ.പി.യെ ഉൾപ്പെടുത്തുന്നതിന് താൽകാലികമായി തീരുമാനിച്ചിരുന്നത് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രം | പേര് | ജനന തിയതി | വിദ്യാഭ്യാസയോഗ്യത വകുപ്പ് തല പരീക്ഷ പാസ്സായതിന്റെ വിവരങ്ങൾ | പി.എസ്.സി. അഡ്വൈസ് സർക്കാർ ഉത്തരവ് ഡി.എച്ച്.എസ്/ഡി.എം.ഒ യുടെ നിയമന ഉത്തരവ് | ജോലിയിൽ പ്രവേശിച്ച തീയതി | സീനിയോറിറ്റി കണക്കാക്കിയ തീയതി | നിലവിലെ റാങ്ക് നമ്പർ | പുതുക്കിയ റാങ്ക് നമ്പർ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | Shajan T.K. | 29/1/83 | BSc MOP A/c Test (H) | PSC Ad Lr. No. R1(3) 580/03/dtd 18/6/05 of DO KPSC/TCR A2/5456/05/DMOH/TCR/Dtd 12/7/05. | 16/7/05 | 18/6/05 | 214 | ----- | ----- |
| 2 | Anilkumar N.P. | 30/5/68 | SSLC Pre Degree, MOP 1/08 | EV(2) 702/03/KPSC/Ekm/Dtd 21/6/05 A2/16364/05/DMOH/Ekm Dtd 23/7/05. | 30/7/05 | 21/6/05 | ----- | 214 A | ----- |
| 3 | Anand C.G. | 26/2/81 | SSLC, MOP 6/06 | (1) Go(ms)No 46/05/H&FWD/Tvm dtd 21/2/05. (2) Order No. ED1/06(b/05 DHS/Tvm/Dtd 25/4/05. (3) A2/4586/05/DMOH/Kanhangad/ Dtd 21/6/05. | 29/6/05 | 21/6/05 | 215 | | |

സൂചന (5) ഉത്തരവ് ഇതിനാൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
അജയമോഹൻ സി.എം.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

[illegible]: 1) ശ്രീ. അനിൽകുമാർ എൻ.പി.
2) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
3) ഫയൽ / സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്